# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

## അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതി

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :585

08.07.2013 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ്<br>,, തേറമ്പിൽ രാമകൃഷ്ണൻ<br>,, സണ്ണി ജോസഫ്<br>,, അൻവർ സാദത്ത് | | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | അയ്യൻകാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | (എ) | നഗരപ്രദേശങ്ങളിൽ വസിക്കുന്ന അവിദഗ്ദ്ധ കായികാദ്ധ്വാനത്തിന് തയ്യാറുള്ള ഓരോ കുടുംബത്തിലേയും പ്രായപൂർത്തിയായ അംഗങ്ങൾക്ക് ഒരു സാമ്പത്തിക വർഷത്തിൽ കുറഞ്ഞത് 100 ദിവസം തൊഴിൽ ഉറപ്പാക്കുകയും അതിലൂടെ കുടുംബങ്ങളുടെ ജീവിത സുരക്ഷ ഉറപ്പാക്കുകയുമാണ് അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ ലക്ഷ്യം. |
| (ബി) | നഗരങ്ങളിലെ ദരിദ്രർക്ക് തൊഴിൽ ഉറപ്പാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | ഈ പദ്ധതി പ്രകാരം നഗര പ്രദേശങ്ങളിലെ ദരിദ്രരായ കുടുംബങ്ങൾക്ക് തൊഴിൽ നൽകുന്നതിന് ഓരോ സാമ്പത്തിക വർഷവും ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷം 5 കോടി രൂപയും 2013-14 സാമ്പത്തിക വർഷം 12.16 കോടി രൂപയും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ഓരോ വർഷവും നഗരസഭകൾ തയ്യാറാക്കുന്ന ലേബർ ബഡ്ജറ്റും വാർഷിക കർമ്മ പദ്ധതിയും ഡി.പി.സി അംഗീകാരം തേടി നഗര കാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർമാരുടെ ശുപാർശ പ്രകാരം നഗരകാര്യ ഡയറക്ടർ ഓരോ നഗരസഭയ്ക്കും ബഡ്ജറ്റ് വിഹിതത്തിനനുസൃതമായി തുക അലോട്ട് ചെയ്യുന്നു. ഓരോ നഗരസഭയും തൊഴിലപേക്ഷകർക്ക് തൊഴിൽ നൽകിയതിന്റെ വിവരങ്ങൾ ക്രോഡീകരിച്ച് റീജിയണൽ തലത്തിലും വകുപ്പുതലത്തിലും വിശകലനം നടത്തിവരുന്നു. |

| | | | |
|---|---|---|---|
| (സി) | എന്തെല്ലാം കേന്ദ്ര സഹായ മാണ് പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി ലഭിക്കുന്നത്; | (സി) | അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി യുമായി കേന്ദ്രാവിഷ്കൃത പദ്ധതിയായ എസ്.ജെ.എസ്. ആർ.വൈ-യുടെ ഒരു ഘടകമായ 'അർബൻ വേജ് എംപ്ലോയ് മെന്റ് പ്രോഗ്രാം' ഫണ്ടുകൂടി സംയോ ജിപ്പിച്ച് പദ്ധതി നടപ്പാക്കി വരുന്നു. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടി കൾ സ്വീകരിച്ചിട്ടുണ്ട്? | (ഡി) | പദ്ധതിയുടെ നടത്തിപ്പിനായി നഗരകാര്യ വകുപ്പ് മന്ത്രി അദ്ധ്യക്ഷനായി അയ്യങ്കാളി സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ രൂപീകരി ച്ചിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷ ത്തിൽ 5 കോടി രൂപ സംസ്ഥാന ബജറ്റിൽ വകയിരുത്തുകയും ഇതിന്റെ അടിസ്ഥാനത്തിൽ വിവിധ നഗരസഭ കളിൽ നിന്നും പ്രൊപ്പോസലുകൾ ക്ഷണിക്കുകയും മാനദണ്ഡങ്ങൾ പ്രകാരം പ്രൊപ്പോസലുകൾ സമർപ്പിച്ച 40 നഗരസഭകൾക്ക് സംസ്ഥാന തൊഴിലുറപ്പ് കൗൺസിലിന്റെ തീരുമാന പ്രകാരം ഫണ്ട് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ സുഗമ മായ നടത്തിപ്പിന് നഗര ഭരണാധി കാരികൾക്ക് മേഖലാ തലത്തിൽ ഏകദിന പരിശീലനവും നടത്തി യിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ